**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3003** **03-08-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീരപരിശീലന കേന്ദ്രത്തിൽ ജീവനക്കാരെ നിയമിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള നായ്ക്കാപ്പ് എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ക്ഷീരപരിശീലന കേന്ദ്രത്തിൽ ജീവനക്കാരെ നിയമിക്കാത്തതിനാൽ പൂർണ്ണമായി പ്രവർത്തനം തുടങ്ങാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ക്ഷീരപരിശീലന കേന്ദ്രത്തിൽ എന്തെല്ലാം അടിസ്ഥാന ഭൗതിക സൗകര്യങ്ങളാണ് സർക്കാരും ജില്ലാ പഞ്ചായത്തും ഏർപ്പെടുത്തിയത്; ഇതിനായി എത്ര തുക ചെലവഴിച്ചു; പദ്ധതിയുടെ നിർവ്വഹണം നടത്തിയത് ഏത് ഏജൻസിയാണ്; വിശദമാക്കുമോ; | (ബി) | ഡയറി ലാബിന് 3 നില കെട്ടിടവും, ഡയറി ട്രെയിനിംഗ് സെന്ററിന് രണ്ട് നില കെട്ടിടവും 50 പേർക്കുള്ള താമസസൗകര്യവും ഉണ്ട്. കാസർഗോഡ് പാക്കേജിന്റെ ഭാഗമായാണ് 1.45 കോടി രൂപ മുതൽ മുടക്കി ഡയറി ട്രെയിനിംഗ് സെന്റർ നിർമ്മിച്ചിട്ടുള്ളത്. വാർഷിക പദ്ധതിയിൽപ്പെടുത്തി 3.79 കോടി രൂപ ചിലവഴിച്ചാണ് ഡയറി ലാബ് പണികഴിപ്പിച്ചത്. Kerala Police Housing Construction Corporation (KPHCC) ആണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത്. |
| (സി) | പ്രസ്തുത ക്ഷീരപരിശീലന കേന്ദ്രത്തിൽ എത്ര തസ്തികകളാണ് ആവശ്യമായിട്ടുള്ളതെന്നും നിലവിൽ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; ഒഴിവുള്ള തസ്തികകൾ ഏതൊക്കയാണ്; ആവശ്യമായ മുഴുവൻ തസ്തികകൾ അനുവദിച്ചും നിയമനം നടത്തിയും ഈ കേന്ദ്രത്തെ പരിപൂർണ്ണമായ നിലയിൽ പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | നിലവിൽ ഡെപ്യൂട്ടി ഡയറക്ടർ-1, ലോവർ ഡിവിഷൻ ക്ലാർക്ക്-1, ലാബ് അസിസ്റ്റന്റ്-1 എന്നിങ്ങനെ 3 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഈ തസ്തികകളിൽ ഇപ്പോൾ എൽ.ഡി.ക്ലാർക്ക് ഒഴികെയുള്ള ഉദ്യോഗസ്ഥർ ജോലി ചെയ്തു വരുന്നു. 2 അസിസ്റ്റന്റ് ഡയറക്ടർ, 1 സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് (കോ-ഓപ്പറേഷൻ), 2 ക്ഷീരവികസന ഓഫീസർ, 1 ക്ലാർക്ക്/ടൈപ്പിസ്റ്റ്, 1 ഓഫീസ് അറ്റൻഡന്റ്, 2 നൈറ്റ്‌വാച്ച്മാൻ എന്നീ തസ്തികകൾ കൂടി ആവശ്യമാണ്. ലാബും ട്രെയിനിംഗ് സെന്ററും പരിപൂർണ്ണമായ നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇവിടെ സ്ഥിതി ചെയ്യുന്ന റീജ്യണൽ ഡയറി ലാബ് നിലവിൽ പ്രവർത്തനക്ഷമമാണോ എന്ന് വ്യക്തമാക്കുമോ; ഏതൊക്കെ പരിശോധനകളാണ് ഇവിടെ നടക്കുന്നതെന്ന് വിശദമാക്കുമോ; | (ഡി) | ഭാഗികമായി പ്രവർത്തനക്ഷമമാണ്. പ്രധാനമായും പാലിന്റെ രാസഭൗതിക ഗുണനിലവാര പരിശോധനകൾ ആണ് നടത്തിവരുന്നത്. പാൽ, പാലുല്പന്നങ്ങൾ, വെള്ളം എന്നിവയുടെ |

| | | | |
|---|---|---|---|
| | ഏതൊക്കെ പരിശോധനകൾ നടത്തുന്നതിനാണ് ഈ ലാബ് സജ്ജീകരിച്ചിട്ടുള്ളത്; പ്രസ്തുത പരിശോധനകളെല്ലാം ഇവിടെ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഇവിടെ നിലവിൽ എത്ര തസ്തികകളാണ് ഉള്ളത്; ഇപ്പോൾ എത്ര പേർ ഇവിടെ ജോലി ചെയ്യുന്നുണ്ട്; ആവശ്യമായ എല്ലാ തസ്തികകളിലും നിയമനം നടത്തി പ്രസ്തുത ലാബ് പൂർണ്ണസജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ; | | രാസപരിശോധനകളും മൈക്രോബയോളജി പരിശോധനകളും നടത്തുന്നതിനുള്ള സൗകര്യങ്ങളാണ് ലാബിൽ സജ്ജീകരിച്ചിട്ടുള്ളത്.പാൽ,പാലുൽപ്പന്നങ്ങൾ എന്നിവയുടെ പരിശോധന പൂർണമായും നടത്തി വരുന്നുണ്ട്. ഇപ്പോൾ ഡെപ്യൂട്ടി ഡയറക്ടർ, ലോവർ ഡിവിഷൻ ക്ലാർക്ക്, ലാബ് അസിസ്റ്റന്റ് എന്നീ തസ്തികകൾ ആണ് അനുവദിച്ചിട്ടുള്ളത്. ഇപ്പോൾ 2 പേരാണ് ജോലി ചെയ്യുന്നത്. ലോവർ ഡിവിഷൻ ക്ലാർക്ക് ജോലിമാറ്റം കിട്ടി പോയ ഒഴിവിൽ പുതിയ പുതിയ നിയമനം നടന്നിട്ടില്ല. |
| (ഇ) | മേൽസ്ഥാപനത്തിൽ നിലവിൽ എത്ര താൽക്കാലിക ജീവനക്കാരാണ് ജോലി ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ; തസ്തികകളുടെ പേരുവിവരങ്ങളും വേതനവിവരങ്ങളും ലഭ്യമാക്കുമോ; ഇവരുടെ നിയമനാധികാരി ആരാണെന്ന് അറിയിക്കാമോ? | (ഇ) | നിലവിൽ താൽക്കാലിക ജീവനക്കാർ ആരും ഇല്ല. |

സെക്ഷൻ ഓഫീസർ